"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പാല വെട്ടിമുകൾ സെന്റ് പോൾസ് ഗേൾസ് ഹൈസ്കൂളിലെ ക്ലാർക്ക് സിസ്റ്റർ ജെസി ജോസ് സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3553/2025/GEDN തീയതി,തിരുവനന്തപുരം, 30-05-2025

---

പരാമർശം:-

1. സിസ്റ്റർ ജെസി ജോസ്-ന്റെ 26.1.2025ലെ റിവിഷൻ ഹർജി
2. മാനേജരുടെ 5/3/2025ലെ ഹിയറിങ് നോട്ട്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 15.03.2025 തീയതിയിലെ ഡിജിഇ/3130/2025-ആർ6 നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

പാല വിദ്യാഭ്യാസ ജില്ലയിലെ വെട്ടിമുകൾ സെന്റ് പോൾസ് ഗേൾസ് ഹൈസ്കൂളിലെ ക്ലാർക്ക് സിസ്റ്റർ ജെസി ജോസ്-ന് സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചതിൽ ആഡിറ്റ് തടസ്സവാദം ഉന്നയിക്കപ്പെട്ടതിനെ തുടർന്ന് 2025 ജനുവരി മുതൽ പ്രതിമാസ ശമ്പളം ലഭ്യമായിട്ടില്ല എന്നതിനാൽ ഓഡിറ്റ് തടസ്സവാദങ്ങൾ റദ്ദ് ചെയ്യുന്നതിനും റിക്കവറി നടപടികൾ ഒഴിവാക്കിക്കൊണ്ട് ശമ്പളാനുകൂല്യങ്ങൾ എത്രയും വേഗം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ടിയാൾ സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു.

2. റിവിഷൻ ഹർജ്ജി തീർപ്പിക്കുന്നതിനായി സർക്കാർ ബന്ധപ്പെട്ടവർക്ക് ഹിയറിങ് നൽകുകയുണ്ടായി.

**ഹർജിക്കാരി, മാനേജർ എന്നിവരുടെ വാദങ്ങൾ ഇപ്രകാരമാണ്**

3. തനിക്ക് 08-12-2005ൽ ഹയർ ഗ്രേഡ് അനുവദിച്ചപ്പോൾ 3350-5275 സ്കെയിലിനു പകരം 4000-6090 സ്കെയിൽ തെറ്റായി അനുവദിച്ചു എന്ന് കാട്ടി 08-12-2005 മുതൽ വാങ്ങിയ അധിക തുക തിരിച്ചടച്ച്, അന്നു മുതലുള്ള ശമ്പളം പുനർനിർണയിച്ച ശേഷമേ ശമ്പളം വിതരണം ചെയ്യാൻ പാടുള്ളൂ എന്ന് കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 2025 ജനുവരി മാസം മുതൽ ശമ്പളം ലഭിക്കുന്നില്ല.

4. ക്ലർക്ക് തസ്തികയിൽ സേവനമാരംഭിച്ച തനിക്ക് 01-04-2021 മുതൽ G.O.(P) No.27/2021/Fin dated 10-02-2021 പ്രകാരം സ്കൂൾ ക്ലർക്കുമാരുടെ സ്കെയിലിൽ ശമ്പളം അനുവദിക്കാൻ കഴിയും. അതുവരെ G.O(P)No.168/2013/(147)/Fin dt.11-04-2013 പ്രകാരം സാങ്കൽപ്പികമായി അനുവദിക്കാം. അപ്പോൾ പുനർനിർണ്ണയിച്ച ശമ്പളവും, ഇപ്പോൾ ലഭിക്കുന്ന ശമ്പളവും ഒരേ പോലെ വരും.

5. തനിക്ക് ഗവ: സ്കൂൾ ക്ലർക്കുമാരുടെ ഹയർഗ്രേഡ് അനുവദിക്കുന്നത് തടസ്സപ്പെടുത്തുന്ന ചട്ടങ്ങളോ, ഉത്തരവുകളോ ഇല്ല. എന്നാൽ എഫ്.ടി.എം. തുടങ്ങിയ വിഭാഗത്തിൽ നിന്നും പ്രൊമോഷൻ ലഭിച്ച വരുന്നവർക്ക് ഗവ. സ്കൂൾ ക്ലർക്കുമാരുടെ ഹയർഗ്രേഡ് അനുവദിക്കുന്നത് തടസ്സപ്പെടുത്തുന്നവ ഉണ്ട്. അതു പ്രകാരമുള്ള തെറ്റായ ആഡിറ്റ് തടസ്സവാദമാണ് ഈ കേസിൽ സംഭവിച്ചിട്ടുള്ളത്.

6. ഏതെങ്കിലും ചട്ടമോ ഉത്തരവോ തെറ്റായി വ്യാഖ്യാനിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരന് നൽകിയ തുക പിന്നീട് തെറ്റാണെന്ന് കണ്ടു പിടിച്ചാൽ അത് തിരിച്ചു പിടിക്കാൻ തൊഴിലുടമയ്ക്ക് അധികാരമില്ല, തൊഴിലുടമയുടെ ഭാഗത്ത് നിന്നുള്ള തെറ്റുകൊണ്ട് അധിക തുക ശമ്പളമായി നൽകാനിടയായാൽ ജീവനക്കാരന്റെ ഭാഗത്ത് നിന്നും വഞ്ചന/തെറ്റിദ്ധരിപ്പിക്കൽ എന്നിവ തെളിയിക്കപ്പെടാത്തിടത്തോളം റിക്കവറി സാധ്യമല്ല എന്നു State of Punjab V. Rafiq Masih (2015) 4 SCC 334 കേസിൽ ബഹു. സുപ്രീം കോടതി വിധിച്ചിട്ടുള്ളത് 02/05/2022 തീയതി സിവിൽ അപ്പീൽ 7115/2010 കേസിൽ ബഹു. സുപ്രീം കോടതി Reiterate ചെയ്തിട്ടുമുണ്ട്. ഇത് settled position of law ആണ്.

7. ആയതിനാൽ റിക്കവറി നടപടികൾ ഒഴിവാക്കിക്കൊണ്ട് ശമ്പളാനുകൂല്യങ്ങൾ എത്രയും വേഗം ലഭ്യമാക്കണമെന്നാണ് റിവിഷൻ പെറ്റിഷനിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

8. മേൽ കാരണങ്ങളാൽ ഹർജ്ജിക്കാരിയുടെ പരാതി അനുഭാവപൂർണ്ണം പരിഗണിക്കണമെന്നാണ് മാനേജരും അഭിപ്രായപ്പെടുന്നത്.

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വാദം/ റിപ്പോർട്ട് ഇപ്രകാരമാണ്**

9. എയ്ഡഡ് ഹൈസ്കൂളുകളിലെ ക്ലർക്കുമാർക്ക് സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിച്ചപ്പോൾ കാലാകാലങ്ങളിലുള്ള ശമ്പള പരിഷ്കരണ ഉത്തരവിലെ ടേബിൾ സ്കെയിലിന് പകരം യു.ഡി.ക്ലർക്കുമാരുടെ ശമ്പളസ്കെയിലിൽ ശമ്പളം നിർണ്ണയിച്ച് നൽകിയതുമൂലം പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം വിതരണം നടത്തുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണെന്നും ആയതിനാൽ ഇത്തരത്തിൽ തെറ്റായി സമയബന്ധിത ഹയർ ഗ്രേഡുകൾ പാലാ ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അധികാര പരിധിയിലുള്ള നിലവിലുള്ള എയ്ഡഡ് സ്കൂൾ ക്ലർക്കുമാർക്ക് അനുവദിച്ചിട്ടുണ്ടോയെന്ന് അവരുടെ സേവനപുസ്തകം പരിശോധിച്ച് കണ്ടെത്തണമെന്നും തെറ്റായ രീതിയിൽ ഗ്രേഡുകൾ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് പുനഃക്രമീകരിച്ച് അധികമായി കൈപ്പറ്റിയ തുക തിരികെ പിടിക്കണമെന്നുമുള്ള നിർദേശം പാല ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർ നിർദ്ദേശം നൽകുകയുണ്ടായി.

10. ഇതിന്റെ അടിസ്ഥാനത്തിൽ പാലാ വിദ്യാഭ്യാസ ജില്ലയിലെ എല്ലാ എയ്ഡഡ് സ്കൂൾ ക്ലർക്കുമാരുടെയും സേവനപുസ്തകങ്ങൾ പാലാ ജില്ലാ വിദ്യാഭ്യാസ ആഫീസർ പരിശോധിക്കുകയും തെറ്റായ രീതിയിൽ സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കപ്പെട്ടവരുടെ പ്രസ്തുത ഗ്രേഡുകൾ പുനഃനിർണ്ണയിച്ച് അധികം കൈപ്പറ്റിയ തുക തിരിച്ചടയ്ക്കുന്നതിനായി പാലാ ജില്ലാ വിദ്യാഭ്യാസ ആഫീസർ അതത് ഹെഡ്മാസ്റ്റർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. 12 ക്ലർക്കുമാരുടെ സമയബന്ധിത ഹയർ ഗ്രേഡുകളാണ് തെറ്റായ രീതിയിൽ അനുവദിക്കപ്പെട്ടതായി കണ്ടെത്തിയത്. വെട്ടിമുകൾ സെൻ്റ് പോൾസ് ജി എച്ച് എസ് ലെ ക്ലാർക്ക് സിസ്റ്റർ ജെസി

ജോസും ഇക്കൂട്ടത്തിൽ പെട്ടിരുന്നു.

11. മറ്റുള്ളവരോട് നിർദ്ദേശിച്ച പോലെ ടി സ്കൂളിലെ പ്രഥമാദ്ധ്യാപകനോട് സിസ്റ്റർ ജെസി ജോസിന്റെ സമയബന്ധിത ഹയർ ഗ്രേഡുകൾ പുനഃക്രമീകരിച്ച് അധികം കൈപ്പറ്റിയ തുക തിരിച്ചടച്ച് ചെലാൻ 15/01/2025 ന് മുമ്പായി ഹാജരാക്കുവാൻ നിർദേശിക്കുകയുണ്ടായി. 2025 ജനുവരി മാസത്തെ ശമ്പളം പുതുക്കിയ അടിസ്ഥാന ശമ്പളം പ്രകാരം മാത്രമേ വിതരണം ചെയ്യാവൂ എന്നും നിർദ്ദേശം നൽകുകയുണ്ടായി.

12. എന്നാൽ വെട്ടിമുകൾ സെന്റ് പോൾസ് എച്ച്.എസ് പ്രഥമാദ്ധ്യാപികയും ക്ലർക്കും നിർദ്ദേശം പാലിച്ചില്ല. ആയത് പാലിച്ചിരുന്നെങ്കിൽ 2025 ജനുവരി മാസത്തെ ശമ്പളം കൃത്യസമയത്ത് ക്ലർക്ക് സിസ്റ്റർ ജസി ജോസിന് ലഭിക്കുമായിരുന്നു. പാലാ ജില്ലാ വിദ്യാഭ്യാസ ആഫീസർ നൽകിയ തുടർ നിർദ്ദേശങ്ങൾ നാളിതു വരെയും പാലിക്കാൻ തയ്യാറാകാത്തത് സിസ്റ്റർ. ജെസി ജോസിന്റെ ഭാഗത്ത് നിന്നുമുണ്ടായിട്ടുള്ള വീഴ്ച്ചയാണെന്നും കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ടി വിഷയം നിലവിലെ ചട്ടപ്രകാരം പരിശോധിക്കുകയുണ്ടായി. ആയത് സംബന്ധിച്ച വസ്തുതകൾ ഇപ്രകാരമാണ്.**

13. എയ്ഡഡ് സ്കൂളിലെ ടെസ്റ്റ് യോഗ്യത നേടിയ ക്ലാർക്കുമാർക്ക് സർക്കാർ സ്കൂളിലെ ക്ലാർക്കുമാരുടെതിന് സമാനമായ ശമ്പള സ്കെയിലിൽ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കണമെങ്കിൽ മേൽ സ്ഥാപനത്തിന് കീഴിൽ ക്ലാർക്ക് തസ്തികയ്ക്ക് തുടർ പ്രമോഷൻ തസ്തികകളായ യു.ഡി. ക്ലാർക്ക്, ഹെഡ് ക്ലാർക്ക് എന്നി തസ്തികകൾ ഉണ്ടായിരിക്കണം. അല്ലാത്തപക്ഷം അതാത് ശമ്പള പരിഷ്കരണ ഉത്തരവുകളിലെ പട്ടിക പ്രകാരമുള്ള ശമ്പള സ്കെയിലുകളിൽ മാത്രമേ ഒന്നും രണ്ടും സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിച്ച് നൽകുവാൻ വ്യവസ്ഥയുള്ളൂ. സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരായാലും ഗവണ്മെന്റ് നേരിട്ട് ശമ്പളം നൽകുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരായാലും സമയബന്ധിത ഹയർ ഗ്രേഡ് പ്രമോഷൻ തസ്തികയിലെ ശമ്പള സ്കെയിലിൽ അനുവദിക്കണമെങ്കിൽ ആ സ്ഥാപനത്തിൽ പ്രൊമോഷൻ തസ്തിക നിലവിലുണ്ടായിരിക്കണം എന്നും ആകയാൽ സമയബന്ധിത ഹയർ ഗ്രേഡുമായി ബന്ധപ്പെട്ട നിലവിലെ വ്യവസ്ഥകൾ പ്രകാരം പ്രമോഷൻ തസ്തിക നിലവിലുണ്ടെങ്കിൽ പ്രൊമോഷൻ തസ്തികയുടെ സ്കെയിലിലും പ്രൊമോഷൻ തസ്തിക നിലവിലില്ലെങ്കിൽ പട്ടിക പ്രകാരമുള്ള ശമ്പള സ്കെയിലിലും മാത്രമേ ഗ്രേഡ് അനുവദിച്ച് നൽകുവാൻ കഴിയുകയുള്ളൂ. സർക്കാർ ഉദാര സമീപനം സ്വീകരിച്ചാണ് എയ്ഡഡ് സ്കൂളുകളിലെ ക്ലാർക്കുമാർക്ക് ജൂനിയർ സുപ്രണ്ടിന്റെ സ്കെയിലിൽ മൂന്നാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കാമെന്ന് ഉത്തരവായിട്ടുത്.

14. നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറുടേയും പാല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും നിർദേശങ്ങൾ വെട്ടിമുകൾ സെന്റ് പോൾസ് എച്ച്.എസ്. പ്രഥമാദ്ധ്യാപികയും ക്ലർക്കും കൃത്യമായി പാലിക്കാത്തതിനാലാണ് സിസ്റ്റർ ജസി ജോസ്-ന്റെ ശമ്പളം ലഭിക്കുന്നതിൽ തടസ്സം നേരിട്ടത് എന്നാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

15. മേൽ സാഹചര്യത്തിൽ, ഓഡിറ്റ് തടസ്സവാദങ്ങൾ റദ്ദ് ചെയ്യുന്നതിനും റിക്കവറി നടപടികൾ ഒഴിവാക്കിക്കൊണ്ട് ശമ്പളാനുകൂല്യങ്ങൾ എത്രയും വേഗം ലഭ്യമാക്കണമെന്നുമുള്ള ഹർജിക്കാരിയുടെ അപേക്ഷ നിരസിച്ച്, അപ്രകാരം സിസ്റ്റർ ജെസി ജോസ് സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

സിസ്റ്റർ ജെസി ജോസ്, എൽ.ഡി. ക്ലർക്ക്,സെന്റ് പോൾസ് ഹൈസ്കൂൾ, വെട്ടിമുകൾ, പാലാ, കോട്ടയം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Deepa N S
സെക്ഷൻ ഓഫീസർ
Date: 02-06-2025 14:24:34

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.